# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 3812** — 19-03-2018-ൽ മറുപടി നൽകേണ്ടത്

## വിദ്യാർത്ഥികളിലെ ആത്മഹത്യാ പ്രവണത

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. എസ്. ശബരീനാഥൻ<br>ശ്രീ. അനിൽ അക്കര<br>ശ്രീ. എ. പി. അനിൽ കുമാർ<br>ശ്രീ. റോജി എം. ജോൺ | പ്രൊഫ.സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| *(എ)* | കേരളത്തിൽ വിദ്യാർത്ഥികളിലെ ആത്മഹത്യ പെരുകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | *(എ)* | കേരളത്തിൽ വിദ്യാർത്ഥികൾക്കിടയിൽ ആത്മഹത്യാ പ്രവണത വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| *(ബി)* | വിദ്യാർത്ഥികളുടെ ആത്മഹത്യാ പ്രവണത തടയാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ; | *(ബി)* | പഠന സംബന്ധമായി, സ്കൂൾ വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസിക സമ്മർദ്ദം കുറയ്ക്കുവാനായി പഠനപ്രക്രിയകൾ, പരീക്ഷാ രീതികൾ എന്നിവ വിദ്യാർത്ഥി കേന്ദ്രീകൃതമായി നവീകരിച്ചിട്ടുണ്ട്. ഇതിനായി മിക്ക വിദ്യാഭ്യാസ സ്ഥാപനങ്ങളിലും കൗൺസിലിങ്ങ് സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത കൗൺസിലിങ്ങ് |

| | | | | |
|---|---|---|---|---|
| | | | | സെല്ലുകൾ വഴി വിദഗ്ധന്മാർ വിദ്യാർത്ഥികൾക്ക് നിരന്തരം കൗൺസിലിങ്ങ് നൽകി വരുന്നു. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചു വരുന്ന സൗഹൃദ ക്ലബ്ബുകൾ മാനസിക പിരിമുറുക്കം കുറയ്ക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്നുണ്ട്. ക്ലാസ് പി.റ്റി.എ കൾ സജീവമാക്കുകയും മാതാപിതാക്കൾക്ക് ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യുന്നുണ്ട്. 2011 മുതൽ കൗമാരക്കാരായ കുട്ടികളുടെ ശാക്തീകരണത്തിന് പ്രവർത്തിക്കുന്ന സൗഹൃദ ക്ലബ്ബിന്റെ പ്രവർത്തനങ്ങളെ വിലയിരുത്തുന്നതിനും, ഹയർ സെക്കന്ററി കുട്ടികളുടെ വർദ്ധിച്ചു വരുന്ന ആത്മഹത്യാ പ്രവണത എങ്ങനെ പ്രതിരോധിക്കാം എന്നതിനെക്കുറിച്ച് പഠനം നടത്തുന്നതിനും ബാംഗ്ലൂരിലെ NIMHANS എന്ന സ്ഥാപനത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| | | | | |

| | | | |
|---|---|---|---|
| *(സി)* | വിദ്യാർത്ഥികളിലെ ആത്മഹത്യാ പ്രവണത തടയാൻ അദ്ധ്യാപകർക്കായി ട്രെയിനിംഗ് ഏർപ്പെടുത്തിയിട്ടുണ്ടോ ? | *(സി)* | സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, ഹയർ സെക്കന്ററി വകുപ്പ്, തൊഴിലധിഷ്ഠിത ഹയർ സെക്കന്ററി വകുപ്പ് എന്നിവയുടെ കീഴിലുള്ള സ്ഥാപനങ്ങളിൽ വിദ്യാർത്ഥികൾക്കിടയിലെ ആത്മഹത്യാ പ്രവണത തടയുന്നതിനായി അധ്യാപകർക്ക് വിവിധ തരത്തിലുള്ള പരിശീലന പദ്ധതികൾ ഏർപ്പെടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**